<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203</u> <u>06-10-2025 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ, സാമൂഹിക, സാമ്പത്തിക ക്ഷേമ രംഗങ്ങളിൽ സഹകരണ മേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ സഹകരണ പ്രസ്ഥാനം ജനജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഏത് ആപത് ഘട്ടത്തിലും സഹായ ഹസ്തവുമായി ജനങ്ങൾക്ക് ആശ്രയിക്കാവുന്ന മേഖലയായി അത് മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിയ്ക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.<br><br>സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. അത്രക്കു വിപുലമാണ് കേരളത്തിലെ സഹകരണ മേഖല.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, സഹകരണമേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു.<br><br>സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരായ അംഗങ്ങളുടെ പങ്കാളിത്തത്തോടെയും, തികച്ചും ജനാധിപത്യപരമായ നിയന്ത്രണത്തോടെയും |

പ്രവർത്തിച്ചു വരുന്നു. കാർഷിക വ്യവസായ മേഖലകളിലെയും, സേവന മേഖലയിലെയും സംഘങ്ങൾക്ക് പുറമേ മാർക്കറ്റിംഗ് രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും ക്ഷീരോൽപ്പാദനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഏറ്റവും അധികം ആളുകൾ തൊഴിൽ ചെയ്തു വരുന്നു. പുരുഷൻമാർക്കൊപ്പം തുല്യ പ്രാധാന്യത്തോടെ സ്ത്രീകളും രംഗത്തുണ്ട്. സാമ്പത്തിക വളർച്ചക്ക് സമ്പൂർണ്ണവും ഉൽപാദനപരവുമായ തൊഴിൽശേഷിയുടെ ഉപയോഗവും മികച്ച തൊഴിലും എന്ന ആശയം എറ്റവും നല്ല രീതിയിൽ പ്രാവർത്തികമാകുന്നത് സഹകരണ മേഖലയിലാണെന്ന് നിസ്സംശയം പറയാൻ കഴിയും.

വാണിജ്യബാങ്കുകൾ നിഷേധ നിലപാട് സ്വീകരിക്കുമ്പോൾ, കേരളത്തിലെ ഇടത്തരക്കാരും കുറഞ്ഞ വരുമാനക്കാരും ഉൾപ്പെടെയുള്ള വിവിധവിഭാഗം ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ മുതൽ കേരള ബാങ്ക് വരെയുള്ള വായ്പാസംഘങ്ങളാണ്.

സഹകരണ മേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

### 1. റിസ്ക് ഫണ്ട്

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി /കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് സർക്കാർ അംഗീകരിച്ച് നല്കിയ റിസ്കഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ആയത് പ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരക രോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ

വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു നൽകുന്നു.

**2. മുറ്റത്തെ മുല്ല**

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.

**3. ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി**

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

**4. കെയർ ഹോം പദ്ധതി**

2018-ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറി.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ താലൂക്കുകളിൽ

പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**5. <u>പുനർജ്ജനി പദ്ധതി</u>**

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുളള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

**6. <u>സ്നേഹതീരം വായ്പാ പദ്ധതി</u>**

കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മൽസ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യതൊളിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്ന പദ്ധതിയാണ് "സ്നേഹതീരം വായ്പാ പദ്ധതി". ടി പദ്ധതി പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ആയത് പ്രകാരം കോട്ടയം ജില്ലയിലെ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 750-ൽ നിന്നും ആദ്യഘട്ട വായ്പയായി 5 പേരുൾപ്പെടുന്ന ദീപം ആക്ടിവിറ്റി ഗ്രൂപ്പിന് 50,000/- രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

**7. <u>സഹകരണം സൗഹൃദം</u>**

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതു വരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**8. <u>സഹായ ഹസ്തം വായ്പാ പദ്ധതി</u>**

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട - വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും, ഉപജീവന മാർഗ്ഗം

കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. നാളിതു വരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**9. <u>യുവജന സഹകരണ സംഘങ്ങൾ</u>**

യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ തലത്തിൽ നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**10. <u>സഹകാരികൾക്കുള്ള ആശ്വാസ നിധി</u>**

അശരണരായ സഹകാരികൾക്കുള്ള 'ആശ്വാസ നിധി' എന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി പദ്ധതി പ്രകാരം 436 അപേക്ഷകളിലായി 1,17,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**11. <u>കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി</u>**

സഹകരണ സംഘങ്ങളിലെ ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധന സഹായ വിതരണം നടത്തി വരുന്നു. ഈ സർക്കാർ വന്നതിനുശേഷം ഏഴ് ഘട്ടങ്ങളിലായി ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 46,310 ഗുണഭോക്താക്കൾക്കായി ആകെ

97,44,20,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**12. <u>അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി</u>**

പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

**13. <u>പാലിയേറ്റീവ് കെയർ പദ്ധതി</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും, ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി ആരംഭിച്ച വേളയിൽ 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പിലാക്കി വരുന്നു.

**14. <u>കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (AARTICE)</u>**

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ

ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd. No. 4506 (AARTICE) എന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു.

### 15. <u>കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം</u>

സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511. കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃദ്ധിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമവുമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം.

### 16. <u>കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം</u>

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി അവരുടെ പുനരധിവാസം, വിദ്യാഭ്യാസം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ കോട്ടയം ജില്ല ആസ്ഥാനമായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

### 17. <u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ

സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. നിലവിൽ ഈ പദ്ധതി പ്രകാരം **410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ്** സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതു കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും, ഇതിന്റെ ഭാഗമായി കൃഷി ചെയ്തു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും, ഓപ്പൺ മാർക്കറ്റ് വഴിയും, കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു.

ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതു വരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷി നടത്തി വരുന്നു. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാനും, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുവാനും ഈ പദ്ധതി മൂലം സാധിക്കുകയുണ്ടായി.

**18. പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (PAPCOS)**

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുകയും,

കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള **പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS**) പ്രവർത്തിക്കുന്നു. സംഘത്തിൽ 2500 MT സംഭരണ ശേഷിയുള്ള 6 സൈലോകൾ (ആകെ 15000 MT) 1 ലക്ഷം MT വരെ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പാർ ബോയിലിംഗ് യൂണിറ്റ്, ആധുനിക റൈസ് മിൽ, എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ആയത് സംബന്ധിച്ച നടപടി സ്വീകരിച്ച് വരുന്നതുമാണ്.

**19. <u>കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS)</u>**

പാലക്കാട് ഒഴികെയുള്ള 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് രൂപീകരിച്ചിട്ടുള്ള സഹകരണ സംഘമാണ് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS). കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നിവയാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും, കർഷകരിൽ നിന്നും അരി സംഭരിച്ച് ബ്രാൻഡഡ് അരിയായി വിപണിയിൽ എത്തിക്കുന്നതിനും പദ്ധതി തയ്യാറാക്കി വരുന്നു.

പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (KAPCOS) എന്നീ സഹകരണ സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി

പൂർണ്ണപഥത്തിൽ എത്തുന്നതോടെ കേരളത്തിലെ 67 ശതമാനത്തോളം വരുന്ന നെല്ലുൽപാദനത്തിന്റെ 39.90 % പാലക്കാട് ജില്ലയിൽ നിന്നും, 26.64% കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നും സംഭരിക്കുവാൻ സാധിക്കുന്നതും, സംസ്കരിച്ച് വിപണനം നടത്തുവാൻ സാധിക്കുന്നതുമാണ്. കൂടാതെ ടി സംഘങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുവാനും കഴിയുന്നതാണ്.

**20. <u>ബ്രാന്റിംഗ് & മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്</u>**

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി **coopkerala** എന്ന ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "ബ്രാന്റിംഗ് & മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം 14 കോപ് മാർട്ടുകൾ ആരംഭിച്ചിട്ടുള്ളതും പുതിയ 16 കോപ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഘട്ടം ഘട്ടമായി കോപ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റ് അംഗീകാരമുള്ള കോപ് കേരള സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് സർക്കാർ 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ **കോപ് കേരള** സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുന്നതുമാണ്. ഗുണമേന്മയുള്ള വിവിധ സഹകരണ ഉത്പന്നങ്ങൾ കോപ്കേരള (coopkerala) ബ്രാന്റോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും, 2025 വർഷത്തിൽ 9

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും കോപ് കേരള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം കോപ് കേരള സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപ്പന്നങ്ങൾക്കായി ഒരു സ്വാതന്ത്ര ഡിജിറ്റൽ വിപണിയായ "അങ്ങാടി കേരള" പ്ലാറ്റ്ഫോം ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.<br><br>**21. <u>നെറ്റ് സീറോ എമിഷൻ പദ്ധതി</u>**<br><br>"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കാർബൺഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഐ. ടി., സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷണലുകളുടെ ക്ഷേമത്തിനായി **കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515** രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. പ്രൊഫെഷണലുകൾക്ക് വേണ്ടിയുള്ള സാധാരണ ബാങ്കിങ് ഇടപാടുകൾക്ക് പുറമെ, ഐ.ടി. |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, റീ സ്കിൽ അപ്പ് സ്കിൽ ട്രെയിനിങ്ങുകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കു വേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിങ് പ്രോഗ്രാമുകൾ, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രസ്തുത സൊസൈറ്റിയുടെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങൾ.<br><br>സയൻസ് ടെക്നോളജി ആന്റ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് പ്രൊഫഷനൽ ആന്റ് എക്സ്പേർട്ട്സ് (SCOPE) ക്ലിപ്തം നമ്പർ 4520 പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന സഹകരണ സംഘമാണ്.<br><br>ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ്സ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപികരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സൊസൈറ്റി വഴി ഐ. ടി. പ്രൊഫെഷണലുകൾക്ക് റീ സ്കിൽ - അപ് സ്കിൽ ട്രെയിനിങ്ങുകൾ, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഐ.ടി/സയൻസ് ആൻഡ് ടെക്നോളജി കോപ്പറേറ്റീവ് സഹകരണ സംഘങ്ങളുടെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളിൽ ഒന്നാണ് റീ സ്കിൽ - അപ് സ്കിൽ ട്രെയിനിങ്ങുകൾ. സംഘം, നിയമാവലി വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി പരിശീലനത്തിനുള്ള അംഗീകാരം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വകുപ്പ് നൽകുന്നതാണ്. |
| (ഡി) | കുറഞ്ഞ ചെലവിൽ അഴിമതിരഹിതമായും ഗുണമേന്മയോടെയും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദൽ മാതൃകയായി തൊഴിൽകരാർ സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കുറഞ്ഞ ചെലവിൽ അഴിമതിരഹിതമായും ഗുണമേന്മയോടെയും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദൽ മാതൃകയായി തൊഴിൽ കരാർ സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ട്.<br><br>കേരളത്തിലെ തൊഴിൽക്കരാർ സഹകരണ സംഘങ്ങൾക്ക് നൂറിലേറെ വർഷത്തെ പാരമ്പര്യമുണ്ട്. രാജ്യത്തുതന്നെ ആദ്യത്തെ തൊഴിൽക്കരാർസംഘം പിറന്നത് കേരളത്തിലാണ്.<br><br>സ്വകാര്യ കരാറുകാരെപ്പോലെ ലാഭേച്ഛയോടെ നിർമ്മാണങ്ങളെ സമീപിക്കുന്നവയല്ല സഹകരണ സംഘങ്ങൾ എന്നതാണ് പ്രധാനകാരണം. ഓരോ നിർമ്മാണത്തെയും രാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമായി കാണുന്ന തൊഴിൽസംസ്കാരം ഇത്തരം സംഘങ്ങൾക്കുണ്ട്. അതിനാൽ, നിർമ്മാണങ്ങൾ നിശ്ചിത സമയത്തോ അതിനു മുമ്പോ പൂർത്തിയാക്കി അതിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് |

കഴിയുന്നത്ര നേരത്തേ ലഭ്യമാക്കാനുള്ള ജാഗ്രത തൊഴിലാളി സഹകരണ സംഘങ്ങൾ കാണിക്കാറുണ്ട്. ഇത്തരത്തിൽ പ്രവൃത്തി യഥാസമയം പൂർത്തിയാകുമ്പോൾ സ്വാഭാവികമായും ചെലവ് നിശ്ചിത തുകയിൽത്തന്നെ ഒതുങ്ങുന്നതാണ്.

തൊഴിൽ കരാർ സഹകരണ സംഘങ്ങളുടെ സംയോജിതവും പുരോഗമനപരവുമായ ശൃംഖലയായി സംസ്ഥാനത്തെ തൊഴിൽ സമൂഹങ്ങളെ ഏകീകരിക്കുന്നതിലും ചെലവ് കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലേബർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് "**മെറ്റീരിയൽ ബാങ്ക്**" പ്രവർത്തിച്ച് വരുന്നു. അംഗ സംഘങ്ങളുടെയും തൊഴിലാളികളുടെയും പ്രവർത്തനച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന വിശാലമായ നിർമ്മാണ, കാർഷിക യന്ത്രങ്ങളുടെ വിൽപ്പന, വാടക സേവനങ്ങൾ, അംഗ സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിതരണം ചെയ്യാനും അവയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും ന്യായമായ വില ഉറപ്പാക്കാനുമുള്ള ഒരു വേദിയായി കേരളത്തിലുടനീളം മെറ്റീരിയൽ ബാങ്ക് നിലകൊള്ളുന്നു.

നിർമ്മാണ മേഖല കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്, അതിൽ ചെറുതല്ലാത്ത ഒരു പങ്ക് വഹിക്കുന്നതിന് തൊഴിൽ കരാർ സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അനുബന്ധ വ്യവസായങ്ങളെ ശക്തിപ്പെടുത്തുകയും സേവനങ്ങൾക്കും ടൂറിസത്തിനും ചെലവ് കുറഞ്ഞ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇത് സ്വകാര്യ കരാറുകാരെ അപേക്ഷിച്ച് പദ്ധതികൾ കാര്യക്ഷമമായും കുറഞ്ഞ ചെലവിലും പൂർത്തിയാക്കുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതോടൊപ്പം ബാഹ്യ കരാറുകാരെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സംസ്ഥാനത്തെ സഹായിക്കുകയും ചെയ്യുന്നു.

തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ളതും കൈകാര്യം ചെയ്യുന്നതുമായ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന തൊഴിൽ സഹകരണ സംഘങ്ങളിലൊന്നാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം (യു.എൽ.സി. സി.എസ്). അടിസ്ഥാന സൗകര്യ വികസനത്തിനും മാനേജ്മെന്റ് പ്രോജക്ടുകൾക്കുമുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയി സംഘം വളർന്നിരിക്കുന്നു. നിർമ്മാണ മേഖലയിൽ ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സഹകരണ സംഘത്തിന് ശക്തമായ അടിത്തറയുണ്ട്. ഗുണനിലവാരവും കൃത്യതയും ഉറപ്പുനൽകിക്കൊണ്ട് വർക്കുകൾ നേരത്തെ പൂർത്തിയാക്കുന്നതിലുള്ള മികവിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രാജ്യത്തിന് തന്നെ ഒരു മാതൃകയാണ്. ടി പ്രവർത്തനങ്ങളിലൂടെ ദേശീയവും അന്തർദേശീയവുമായ അംഗീകാരം നേടിയെടുക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. 7500-ലധികം പദ്ധതികളാണ് ഇത്തരത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം പൂർത്തീകരിച്ചിട്ടുള്ളത്. ഐക്യരാഷ്ട്ര വികസന പരിപാടി (യുഎൻഡിപി) ഒരു മാതൃകാ സഹകരണ സ്ഥാപനമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ അംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സഹകരണ സഖ്യത്തിൽ അംഗമായ ഇന്ത്യയിലെ ഏക പ്രാഥമിക സഹകരണ സംഘമെന്ന ഖ്യാതിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനുണ്ട്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആദ്യമായി ഏറ്റെടുത്ത തലപ്പാടി - ചെങ്കള സ്ട്രെച്ച് യൂണിയൻ സർക്കാരിന്റെ "നാഷണൽ ഹൈവേ എക്സലൻസ് അവാർഡി"-ന് അർഹമായിട്ടുണ്ട്. രാജ്യത്തെ മുൻനിര കോർപ്പറേറ്റ് കരാർ കമ്പനികളെക്കാൾ ഗുണമേന്മയിലും മികവിലും തൊഴിലാളിസംഘങ്ങൾ പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കരാർ കമ്പനികൾ ക്വോട്ട് ചെയ്തതിലും നന്നേ കുറഞ്ഞ തുകയ്ക്ക് കരാറെടുത്താണ് ഈ നിലവാരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത്. എല്ലാ പ്രവൃത്തിയും സംഘങ്ങൾ നേരിട്ടാണു ചെയ്യുന്നത്. മറ്റു സ്ഥാപനങ്ങളെപ്പോലെ ഉപകരാർ കൊടുത്തു തൊഴിലവസരം നഷ്ടപ്പെടുത്തുകയില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഉൾപ്പെടെ വിജയകരമായി പ്രവർത്തിക്കുന്ന തൊഴിൽ സഹകരണ സംഘങ്ങൾ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്നത് സാമൂഹിക നീതിയും സാമ്പത്തിക വളർച്ചയും കൈകോർത്ത് പോകുന്ന കേരളത്തിന്റെ ബദൽ വികസന പാതയുടെ വിജയത്തെയാണ് കാണിക്കുന്നത്.

സെക്ഷൻ ഓഫീസർ